**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1757** **02-02-2024 - ൽ മറുപടിയ്ക്ക്**

**പെരിങ്ങോം ഗവൺമെന്റ് കോളേജിലെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച കെട്ടിട നിർമ്മാണ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ; | (എ) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം സർക്കാർ ആർട്സ് & സയൻസ് കോളേജിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച നിലവിലുള്ള കെട്ടിടത്തിന് മുകളിൽ ഒരു നിലകൂടി നിർമ്മിക്കുന്നതിനാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിരുന്നത്. എന്നാൽ നിലവിലുള്ള കെട്ടിടത്തിന് മുകളിൽ കൂടുതൽ നിലകൾ നിർമിക്കുന്നതിന് ആവശ്യമായ കെട്ടുറപ്പ് ടി കെട്ടിടത്തിനില്ല എന്നാണ് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുള്ളത്. തുടർന്ന് നിലവിലുള്ള പദ്ധതിയിൽ നിന്നും മാറ്റം വരുത്തി മറ്റേതെങ്കിലും പുതിയ പദ്ധതിയുടെ പ്രൊപ്പോസൽ, തയ്യാറാക്കാൻ പദ്ധതി നിർവ്വഹണ ഏജൻസി ആയ KITCO- യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി എത്രയും പെട്ടെന്ന് ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം സർക്കാർ ആർട്സ് & സയൻസ് കോളേജിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച നിലവിലുള്ള കെട്ടിടത്തിന് മുകളിൽ ഒരു നിലകൂടി നിർമ്മിക്കുന്നതിനാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിരുന്നത്. എന്നാൽ നിലവിലുള്ള കെട്ടിടത്തിന് മുകളിൽ കൂടുതൽ നിലകൾ നിർമിക്കുന്നതിന് ആവശ്യമായ കെട്ടുറപ്പ് ടി കെട്ടിടത്തിനില്ല എന്നാണ് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുള്ളത്. തുടർന്ന് നിലവിലുള്ള പദ്ധതിയിൽ നിന്നും മാറ്റം വരുത്തി മറ്റേതെങ്കിലും പുതിയ പദ്ധതിയുടെ പ്രൊപ്പോസൽ, തയ്യാറാക്കാൻ പദ്ധതി നിർവ്വഹണ ഏജൻസി ആയ KITCO- യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ